(ii) 1-4-2002 മുതൽ 30-6-2005 വരെയുള്ള കാലഘട്ടത്തിൽ ബോർഡിൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ ജീവനക്കാർക്കും ആളൊന്നിന് 400 രൂപവച്ച് പാരിതോഷികം നൽകുക.

(iii) ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(ഡി) ഇല്ല.

വൈദ്യുതി ബോർഡിന്റെ നഷ്ടം

214 [1156] *ശ്രീ. ഇ. എം. അഗസ്തി:*
,, *എം. എം. ഹസ്സൻ:*
,, *വി. ഡി. സതീശൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കായംകുളം താപ വൈദ്യുതിനിലയത്തിൽനിന്നും എന്തു വിലയ്ക്കാണ് സംസ്ഥാനത്തിന് വൈദ്യുതി നൽകിയിരുന്നത്;

(ബി) എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രവിഹിതത്തിൽനിന്നും കിട്ടുന്ന വൈദ്യുതിയുടെ വില എന്തായിരുന്നു; ഇപ്പോൾ അതിന്റെ വില എത്രയാണ്;

(സി) രണ്ടിനത്തിലും ഉണ്ടായ വിലവ്യത്യാസത്തിന്റെ ഫലമായി പ്രതിവർഷം വൈദ്യുതിബോർഡിന് എന്തു തുകയുടെ നഷ്ടം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1998 നവംബർ മുതലാണ് എൻ. ടി. പി. സി. കായംകുളം നിലയത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ചത്. 1998 നവംബർ മുതൽ 2001 മാർച്ച് വരെ എൻ. ടി. പി. സി. കായംകുളം നിലയത്തിൽനിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ (സി. ഇ. ആർ. സി. ഉത്തരവുകൾപ്രകാരം) വന്ന ചെലവുകൾ ഇപ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	1998-1999	1999-2000	2000-2001
വൈദ്യുതി വാങ്ങിയത് (എം. യു.)	243.17	1171.69	1904.38
ഫിക്സഡ് കോസ്റ്റ് (കോടി രൂപ)	62.12	129.78	231.85
വേരിയബിൾ കോസ്റ്റ് (കോടി രൂപ)	57.87	377.16	571.93
വീലിംഗ് ചാർജ് (കോടി രൂപ)	8.73	25.61	36.06
മൊത്തം (കോടി രൂപ)	128.72	532.55	839.84
യൂണിറ്റ് കോസ്റ്റ് (രൂപ)	5.29	4.55	4.41

(ബി) കേന്ദ്രപൂളിൽനിന്ന് വാങ്ങിയ വൈദ്യുതിയുടെ ശരാശരി വില (വീലിംഗ് ചാർജ്ജുൾപ്പെടെ) താഴെ പറയുംപ്രകാരമാണ്:

വർഷം	രൂപ/യൂണിറ്റ്
1996-1997	1.10
1997-1998	1.28
1998-1999	1.29
1999-2000	1.39
2000-2001	1.60
2001-2002	1.85
2002-2003	1.79
2003-2004	1.78
2004-2005	1.69

(സി) കേന്ദ്രനിലയങ്ങളിലെ വൈദ്യുതനിരക്കുകൾ 1998-നുമുൻപ് (അതായത്, സി. ഇ. ആർ. സി. നിലവിൽ വരുന്നതിനുമുൻപ്) കേന്ദ്ര ഗവൺമെന്റും അതിനുശേഷം സി. ഇ. ആർ. സി.യുമാണ് നിശ്ചയിക്കുന്നത്. ഈ രീതിയിൽ കായംകുളം നിലയത്തിന്റെയും കേന്ദ്രതാപനിലയങ്ങളുടെയും ഫിക്സഡ് ചാർജ്ജും എനർജി ചാർജ്ജും തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇവ കൊടുക്കാൻ ബോർഡ് ബാധ്യസ്ഥമാണ്. ആയതിനാൽ കാലാകാലങ്ങളിൽ വരുന്ന വ്യത്യാസംകൊണ്ട് ബോർഡിനുണ്ടാകുന്ന അധിക ചെലവോ, മിച്ചമോ നഷ്ടമായോ ലാഭമായോ പരിഗണിക്കേണ്ടതില്ല. എന്നാൽ ഇന്ധനച്ചെലവുകൂടിയ കായംകുളം, ബി. എസ്. ഇ. എസ്. തുടങ്ങിയ നിലയങ്ങളിലെ വൈദ്യുതി വാങ്ങൽ പരമാവധി കുറയ്ക്കുന്നതിനും മെറിറ്റ് ഓർഡർ പ്രകാരവും അൺഷെഡ്യൂൾഡ് ഇന്റർ

LIBRARY ARCHIVES Kerala Legislative Assembly

ചെയിഞ്ചു വഴിയും ലഭ്യമായ വിലകുറഞ്ഞ വൈദ്യുതി പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. തന്മൂലം 2003-2004 വർഷം 59 കോടി രൂപയും 2004-2005 വർഷം 65 കോടി രൂപയും ലാഭിക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കായംകുളം താപവൈദ്യുതിനിലയത്തിന്റെ ശേഷിയുടെ 50 ശതമാനം 22-1-2003 മുതൽ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് നൽകുകവഴി 2002-2003-ൽ 20.89 കോടി രൂപയും, 2003-2004-ൽ 112.46 കോടി രൂപയും, 2004-2005 വർഷം 113.59 കോടി രൂപയും ഫിക്സഡ് കോസ്റ്റിനത്തിൽ ലാഭിക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, 21-1-2005 മുതൽ കായംകുളം നിലയത്തിൽനിന്നും 150 എം. ഡബ്ല്യു. വൈദ്യുതി എൻ. വി. വി. എൻ.-ന് നൽകാൻ തീരുമാനിച്ചപ്രകാരം 31-3-2005 വരെ 9.24 കോടി രൂപ ലാഭിക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനം

215 [1157] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വൈദ്യുതിനിലയങ്ങളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചു കൊണ്ടിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2001 ജൂൺ മുതൽ 2005 ജൂലൈ 1 വരെയുള്ള കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജൂൺ 2000 മുതൽ മേയ് 2001 വരെയുള്ള കാലയളവിൽ പ്രതിദിന ശരാശരി ഉൽപ്പാദനം 24.64 ദശലക്ഷം യൂണിറ്റാണ്.

ജലവൈദ്യുതി	. .	17.08 ദശലക്ഷം യൂണിറ്റ്
താപവൈദ്യുതി	. .	1.76 ദശലക്ഷം യൂണിറ്റ്
ഐ. പി. പി.	. .	5.80 ദശലക്ഷം യൂണിറ്റ്
	. .	24.64 ദശലക്ഷം യൂണിറ്റ്

(ബി) 84.60 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly